# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/957/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/957/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജീവ്.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 26-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 26-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശാന്തമ്മ പ്രകാശ് . | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ.പി ആർ സജി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് ജോർജ്ജ് കെ | അസി സെക്രട്ടറി . | 01-04-2020 | 31-03-2021 |
| ഇന്ദുലേഖ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ. | 01-04-2020 | 10-01-2021 |
| ദീപ്തി. പി.ഗോകുൽ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ. | 11-01-2021 | 31-01-2021 |
| സ്വപ്ന കരുണാകരൻ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ. | 01-02-2021 | 31-03-2021 |
| ഇന്ദു കെ പോൾ. | കൃഷി ഓഫീസർ | 01-04-2020 | 06-07-2020 |
| ആശ എ നായർ | കൃഷി ഓഫീസർ | 07-07-2020 | 10-09-2020 |
| പിന്റു റോയി വട്ടക്കന്നേൽ | കൃഷി ഓഫീസർ | 11-09-2020 | 31-03-2021 |
| ഡോ. ബാലഗോപാൽ | വെറ്ററിനറി സർജൻ. | 01-04-2020 | 09-09-2020 |
| ഡോ. ടോണി തോപ്പിൽ. | വെറ്ററിനറി സർജൻ. | 10-09-2020 | 31-03-2021 |
| പ്രവീണ. | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ആഗ്നസ് ജാൻസി. | ഹെഡ് മിസ്ട്രസ്. | 01-04-2020 | 18-06-2020 |
| മഹിളാമണി എം . | ഹെഡ് മിസ്ട്രസ്. | 19-06-2020 | 31-03-2021 |
| .സിനി എസ് . | അസിസ്റ്റന്റ് എൻജിനീയർ. | 01-04-2020 | 16-04-2020 |
| സന്ദജ എസ് . | അസിസ്റ്റന്റ് എൻജിനീയർ. | 17-04-2020 | 07-02-2021 |
| ബിന്ദു പ്രസാദ് എസ് . | അസിസ്റ്റന്റ് എൻജിനീയർ. | 08-02-2021 | 31-03-2021 |
| സാംസൺ | വി.ഇ.ഒ പൂച്ചാക്കൽ (ഇൻ ചാർജ്ജ്) | 01-04-2020 | 18-01-2021 |
| പ്രതീഷ് പി | വി.ഇ.ഒ പൂച്ചാക്കൽ | 19-01-2021 | 31-03-2021 |
| ഡോ.ദിലീപ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| സാംസൺ | വി.ഇ.ഒ, തൈക്കാട്ടുശ്ശേരി | 01-04-2020 | 14-05-2020 |
| ശ്രീവിദ്യ.ആർ.പൈ | വി.ഇ.ഒ, തൈക്കാട്ടുശ്ശേരി | 15-05-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 29-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 29-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: S.Suresh (Audit Officer (HG), On 26-10-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-10 |
| 11 | വസ്തു നികുതി പരിശോധന – അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-11 |
| 12 | വാടക-കുടിശിക<br>Written By: Renju Prakash (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-12 |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 04-02-2022) | 1-13 |
| 14 | ഇ-പേയ്മെന്റ് അക്കൗണ്ടിൽ തുക നിലനിൽക്കുന്നു - പലിശ വരുമാനം ലഭിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-14 |
| 15 | ഇ-ടെന്റർ ഫീസ് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 28-01-2022) | 1-15 |
| 16 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് -കെ.എസ്.ഇ.ബി.യ്ക്ക് അധിക തുക നല്കി<br>Written By: Rajeev.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 29-01-2022) | 1-16 |

| | | |
|---|---|---|
| 17 | നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുത്ത് പൂർണ്ണമായി വിതരണം ചെയ്യാത്തതുമൂലം നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-17 |
| 18 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും -പണം നൽകിയെങ്കിലും ഉപകരണങ്ങൾ ലഭ്യമായില്ല<br>Written By: P. Sreedevi (Audit Officer, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-18 |
| 19 | മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങി - തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-19 |
| 20 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-20 |
| 21 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Rajeev.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 29-01-2022) | 1-21 |
| 22 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Renju Prakash (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-22 |
| 23 | എൽ.പി.സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം.-പണം നൽകിയെങ്കിലും കമ്പ്യൂട്ടറുകൾ ലഭ്യമായില്ല<br>Written By: P. Sreedevi (Audit Officer, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-23 |
| 24 | മീറ്ററിംഗ് സിസ്റ്റം ഇല്ലാത്തതിനാൽ വൈദ്യുതി ചാർജ് അധികം നല്കേണ്ടി വരുന്നു<br>Written By: Rajeev.R (Senior Grade Auditor, On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-24 |
| 25 | ആശ്രയ പദ്ധതി - അപാകതകൾ<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-25 |
| 26 | എസ്.സി. വിവാഹധനസഹായം - പദ്ധതിനടത്തിപ്പിലെ അപാകതകൾ<br>Written By: S.Suresh (Audit Officer (HG), On 26-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-26 |
| 27 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്ററും ഫോട്ടോകോപ്പി മെഷീനും വാങ്ങൽ.-ഉപകരണങ്ങൾ ലഭ്യമാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-27 |
| 28 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചെങ്കിലും വൈദ്യുതീകരിച്ചില്ല.- തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-28 |
| 29 | സ്ട്രീറ്റ് ലൈനുകൾ ദീർഘിപ്പിക്കൽ- രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-29 |
| 30 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-30 |
| 31 | നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 58398/- | 1-31 |

| | | |
|---|---|---|
| | Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | |
| 32 | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു.അധികംനൽകിയത്-- 10331/-<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-32 |
| 33 | ദുരിതാശ്വാസനിധി രൂപീകരണം<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-33 |
| 34 | പഞ്ചായത്ത് തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ<br>Written By: P. Sreedevi (Audit Officer, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 58398/-<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 19-02-2022) | 3-1 |
| 2 | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു.അധികംനൽകിയത്-- 10331/-<br>Written By: S.Suresh (Audit Officer (HG), On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 3-2 |
| 3 | നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുത്ത് പൂർണ്ണമായി വിതരണം ചെയ്യാത്തതുമൂലം നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 27-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: P. Sreedevi (Audit Officer, On 25-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 31-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P. Sreedevi (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 10.03.20 ലെ തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് 3.02.21 ലെ 1(3)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 176511490 | 177047250. |
| പുതുക്കിയ ബജറ്റ് പ്രകാരം | 177571490 | 178107250 |
| വാർഷിക കണക്ക് പ്രകാരം | 79079904 | 83103025 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകണക്കുകളും വാർഷിക കണക്ക് പ്രകാരമുള്ള വരവുചെലവു കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 05.06.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെച്ചേർക്കുന്നു.

2019-20 ലെ വാർഷിക ധനകാര്യ പത്രികയിലെ B15 ഷെഡ്യൂളിലെ 431100104 എന്ന ശീർഷകത്തിൽ 53851 രൂപ നോൺ റെസിഡൻഷ്യൽ ബിൽഡിംഗ്സ് അരിയർ എന്നയിനത്തിൽ ലഭിക്കാനുണ്ട്. ഇതിൽ 7308 രൂപ 2020-21 വർഷം ലഭിച്ചു. ബാക്കി ലഭിക്കാനുള്ള 46543 രൂപ അരിയർ ഡിമാന്റായി ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11835508.16 |
| വരവ് | 79079904 |
| ആകെ | 90915412.16 |
| ചെലവ് | 83103024 |
| നീക്കിയിരിപ്പ് | 7312387.16 |

### 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13485518. | | 11525585 | 1959933 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 6611745. | | 5897587. | 714158. |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 192000 | | 192000 | |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 3147000 | | 2201135 | 945865 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3694253 | | 2879773 | 814480 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്(untied) | 0 | 11184734 | | 8528727 | 2656007 |
| 3-ാം ധനകാര്യ കമ്മീഷൻ അവാർഡ്(tied) | 0 | 5140000 | | 4758826 | 381174 |

### 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 20-21 | 150. | 135717925. | 112 | 50572038. | 31. | 7 | 74. |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 133440. | 173. |
| കർഷകതൊഴിലാളി പെൻഷൻ | 6654400 | 435 |
| വിധവാപെൻഷൻ | 9500400 | 672 |
| വാർദ്ധക്യകാല പെൻഷൻ | 20573400 | 1748 |
| വികലാംഗപെൻഷൻ | 3456500 | 228 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 903300 | 67. |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7. |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4339. | 1132175. | 1136514. | 1133000 | 3514. |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 37360000 | 37360000 | 37360000 | |
| ആകെ | 4339. | 38492175 | 38496514. | 38493000 | 3514. |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1911/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി. | ഓഡിറ്റ് കാലയളവ്. | റിപ്പോർട്ട് ലഭിച്ച തീയതി. |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.09.21. | 2021 ആഗസ്റ്റ് വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ. | 11.12.2006 മുതൽ 20.12.2006 വരെ. | 2005-06 | 21.03.2007 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
4. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം

രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. വാടക സംബന്ധിച്ച രജിസ്റ്ററിൽ വാടക ഈടാക്കിയ രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

6. മാന്യുവൽ രസീതുകളിലും സാംഖ്യ രസീതുകളിലും ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ കൃത്യമായ കാരണം രേഖപ്പെടുത്തി സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല.

7. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാ ണ്.

8. ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സുകൾ പരിശോധിച്ചതിൽ അവയുടെ പ്രവർത്തനം ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട് .

9. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യു മെറ്റീരിയൽ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ളൈ ചെയ്യുമ്പോൾ അവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ് .

10. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്റേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ് .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 വസ്തു നികുതി പരിശോധന - അപാകതകൾ

1. പാർപ്പിടാവശ്യങ്ങളായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്

എ) പഞ്ചായത്തിൽ നിന്നും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടപ്രകാരം ലൈസൻസിനായി ശ്രീ.പ്രദീപ് കുമാർ, കീർത്തനം, അരൂർ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ World Wide Exports എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടമായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ നം. IV/329 എന്നാണ്. ടിയാളുടെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിരിക്കുന്ന രേഖകളിൽ ഭാര്യയായ ശ്രീമതി.രാജലക്ഷ്മിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സഞ്ചയയിലുള്ള വസ്തു നികുതി പരിശോധിച്ചപ്പോൾ 196 $M^2$ വിസ്തീർണ്ണമുള്ള ടി കെട്ടിടം പാർപ്പിടാവശ്യത്തിനായി നിർണ്ണയിച്ചിട്ടുള്ളതാണ്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(14/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് നികുതി പുനർനിർണയിച്ച് അസസ്സ്മെന്റ് തീയതി മുതൽക്കുള്ള അർദ്ധവർഷത്തെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ബി) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തൈക്കാട്ടുശ്ശേരി ആയുർവേദാശുപത്രി പ്രവർത്തിക്കുന്നത് ശ്രീമതി. സാവിത്രിയമ്മ, കാര്യംവട്ടത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ്. ഇതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും പ്രതിമാസം 1900/- രൂപ നല്കി വരുന്നു. കെട്ടിടത്തിന്റെ സഞ്ചയയിലുള്ള വസ്തു നികുതി പരിശോധിച്ചപ്പോൾ 120 $M^2$ വിസ്തീർണ്ണമുള്ള ടി കെട്ടിടം പാർപ്പിടാവശ്യത്തിനായി നിർണ്ണയിച്ചിട്ടുള്ളത്. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അസസ്സ്മെന്റ് തീയതി മുതൽക്കുള്ള അർദ്ധവർഷം/ആയുർവേദ ആശുപത്രിയ്ക്കായി കെട്ടിടം വാടകയ്ക്ക് എടുത്ത തീയതി മുതൽ ഉപയോഗക്രമം മാറ്റി നികുതി പുനർ നിർണയിച്ച് വ്യത്യാസം വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ഫാറം 6, ഫയൽ എന്നിവയിലെ വിവരങ്ങൾ യോജിക്കുന്നില്ല

| കെട്ടിടയുടമയുടെ പേര്, മേൽ വിലാസം | കെട്ടിട നം. | അപാകത |
|---|---|---|
| സിംന റഷീദ്, സഫ്ന റഷീദ്, സുല്ല വില്ല , തൈക്കാട്ടുശ്ശേരി | 4/298A | പ്ലാൻ പ്രകാരം, 18$M^2$ വിസ്തീർണ്ണമുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രഥമ മേഖലയിൽ വരുന്ന ചേർത്തല - അരൂക്കുറ്റി റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള സ്ഥലത്താണ്. എന്നാൽ, ടി കെട്ടിടത്തിന് തൃതീയ മേഖലയ്ക്ക് ബാധകമായ 20% ഇളവ് നല്കിയിട്ടുണ്ട്. |
| എസ്.സി.ബി 275, തൈക്കാട്ടുശ്ശേരി | 8/1 A To L | പ്ലാൻ പ്രകാരം, 428.38 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രഥമ മേഖലയിൽ വരുന്ന ചേർത്തല - അരൂക്കുറ്റി റോഡിൽ നിന്നും |

| | | |
|---|---|---|
| | | പ്രവേശന മാർഗ്ഗം ഉള്ള സ്ഥലത്താണ്. എന്നാൽ, ടി കെട്ടിടത്തിന് ദ്വിതീയ മേഖലയ്ക്ക് ബാധകമായ 10% ഇളവ് നല്കിയിട്ടുണ്ട്. കൂടാതെ, ഇതിലുൾപ്പെടുന്ന 8/1 K എന്ന 37.13 $M^2$ വിസ്തീർണ്ണമുള്ള കടമുറിയ്ക്ക് മാത്രം വഴി സൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കിയിട്ടില്ല. |
| ജോർജ്ജ് ജോസഫ്, വാര്യംപറമ്പിൽ, മണപ്പുറം | VI/580 | പ്ലാൻ പ്രകാരം, 180 $M^2$ വിസ്തീർണ്ണമുള്ള വ്യവസായിക ആവശ്യത്തിനുള്ള കൈത്തറി, കയർപിരി ഷെഡ് എന്ന ഗണത്തിൽ നിർണയിച്ച ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രഥമ മേഖലയിൽ വരുന്ന ചേർത്തല – അരൂക്കുറ്റി റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള സ്ഥലത്താണ്. എന്നാൽ, 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള ടി കെട്ടിടത്തിന് 20% വർദ്ധനവ് നല്കിയിട്ടില്ല. |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് നികുതി പുനർനിർണയിച്ച് അസസ്സ്മെന്റ് തീയതി മുതൽക്കുള്ള അർദ്ധവർഷത്തെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 34830 രൂപയും നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 51035 രൂപയും തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(14/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 വാടക-കുടിശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറികളിൽ നിന്നും 2020-21 വർഷം വാടക ഈടാക്കിയതായി കാണുന്നില്ല.

വിശദവിവരം താഴെ കൊടുക്കുന്നു.

| വാടക കാരന്റെ പേര് | കടമുറി നം. | അടവാക്കുവാനുള്ള മാസം | കുടിശിക |
|---|---|---|---|
| ജോസഫ്, കൊല്ലംപറമ്പിൽ | 15/469 | 04/2020 മുതൽ 03/2021 വരെ | 1129x12 =13548 |
| കെ.എസ് കബീർ, കണ്ടനാട്ടുവെളി | 6/136 | 04/2020 മുതൽ 03/2021 വരെ | 1126x12 = 13512 |
| രാധാകൃഷ്ണൻ, പുത്തൻവെളി | 15/468 | 09/2020 മുതൽ 03/2021 വരെ | 945x7 =6615 |
| ദിനേശൻ, ആര്യന്തറ | 6/140 | 04/2020 മുതൽ 03/2021 വരെ | 1127x12= 13524 |
| ജയ്സൺ, കിഴക്കേ കണ്ണംപറമ്പ്, തൈക്കാട്ടുശ്ശേരി | പൂച്ചാക്കൽ മാർക്കറ്റ്, നം.1 | 01/2021മുതൽ 03/2021 വരെ | 3000x3=9000 |
| ജയ്സൺ, കിഴക്കേ കണ്ണംപറമ്പ്, തൈക്കാട്ടുശ്ശേരി | പൂച്ചാക്കൽ മാർക്കറ്റ്, നം.2 | 01/2021മുതൽ 03/2021 വരെ | 3000x3=9000 |
| അബൂബക്കർ, കോട്ടൂര് വീട്, അരൂക്കുറ്റി | പൂച്ചാക്കൽ മാർക്കറ്റ്, നം.8 | 01/2021മുതൽ 03/2021 വരെ | 3000x3=9000 |
| അശ്വേന്ദ്രൻ, കാട്ടുതറ, പൂച്ചാക്കൽ.പി.ഒ | പൂച്ചാക്കൽ മാർക്കറ്റ്, നം.5 | 01/2021മുതൽ 03/2021 വരെ | 3000x3=9000 |

| | | | |
|---|---|---|---|
| ബിജി മോൾ, അക്ഷയ, വണ്ടാനം | 6/136 | 12/2020മുതൽ 03/2021 വരെ | 1500x4 =6000 |
| ആകെ | | | 89199 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ (FTEAO) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷം താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ ലൈസൻസ് എടുത്തിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | മറിയാമ്മ പോൾ, പതിയാം മൂല വാർഡ് - 9 | കോഴി ഫാം |
| 2 | സതീശൻ കടവിൽപറമ്പിൽ, വാർഡ് - 6 | സ്റ്റേഷനറി |
| 3 | മിലന്തി പുരുഷോത്തമൻ, മിലന്തി ഭവനം വാർഡ് -7 | തടി നിർമ്മാണം |
| 4 | ഡാനി ആന്റണി, ചൂരമന വാർഡ്-13 | ബേക്കറി |
| 5 | പി.റ്റി.തോമസ്, ചെറുപുഷ്പം വാർഡ് -6 | പെട്ടികട |
| 6 | രാജേഷ്, അശ്വതി ഭവനം വാർഡ് - 11 | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 7 | സന്തോഷ്, കണ്ണാടിയിൽവാർഡ് - 7 | കയർ നിർമ്മാണം |
| 8 | ശശികുമാർ, പത്മപുരത്ത് വാർഡ് - 15 | സോപ്പ് നിർമ്മാണം |
| 9 | അനിൽ കുമാർ, ഭുവനേശ്വരം വാർഡ് - 10 | സ്റ്റേഷനറി |
| 10 | ദാസൻ പിള്ള, കിഴക്കേ ചേരിക്കൽ വാർഡ് -4 | ചായക്കട |
| 11 | ആനന്ദ്, ഹരിശ്രീ നിവാസ് വാർഡ് - 5 | സ്റ്റേഷനറി |
| 12 | മേരി ആന്റണി, തുരുമ്പുകാട് വാർഡ് -12 | ബേക്കറി |
| 13 | ബിന്ദു, മക്കാംശ്ശേരി വാർഡ്- 12 | പലചരക്ക് |
| 14 | രാജേന്ദ്രൻ, മംഗലശ്ശേരി വാർഡ്- 11 | റേഷൻ കട |
| 15 | രജനി രാജേഷ്, തുകലുത്തും കടവ് വാർഡ്- 6 | സ്റ്റേഷനറി |
| 16 | റ്റി.കെ.ശശി, തൈത്തറ നികർത്ത് വാർഡ്- 13 | പലചരക്ക് |

| | | |
|---|---|---|
| 17 | ജോൺ എബ്രഹാം, കാരിക്കുഴി നികർത്ത്<br>വാർഡ്- 12 | കയർ നിർമ്മാണം |
| 18 | ശ്രീനേജ്, പള്ളിത്തോട്ടുങ്കൽ<br>വാർഡ്- 13 | റേഷൻകട |
| 19 | വേണുഗോപാൽ, അശ്വതി ഭവനം<br>വാർഡ്- 6 | ചായക്കട |
| 20 | ജയചന്ദ്രൻ പിള്ള, നല്ലത്തു പറമ്പിൽ<br>വാർഡ്-11 | പലചരക്ക് |
| 21 | യു.ആർ.ജയചന്ദ്രൻ, ഉദയ മന്ദിരം<br>വാർഡ് -6 | സ്റ്റേഷനറി |
| 22 | ബാബു, മരോട്ടിക്കൽ,<br>വാർഡ്-7 | കയർ നിർമ്മാണം |
| 23 | നിൽസൺ തോമസ് മേത്തറച്ചിറയിൽ<br>വാർഡ്-4 | കയർ നിർമ്മാണം |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. FTEAO വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ലെന്നിരിക്കെ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഇ-പേയ്മെന്റ് അക്കൗണ്ടിൽ തുക നിലനിൽക്കുന്നു - പലിശ വരുമാനം ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഇ-പേയ്മെന്റിന് ഉപയോഗിക്കുന്ന എസ്.ബി.ഐ, തൈക്കാട്ടുശ്ശേരി ശാഖയിലെ 37037314671 നമ്പർ കറണ്ട് അക്കൗണ്ടിൽ 2019-20, 2020-21 വർഷങ്ങളിലെ വർഷാന്ത്യത്തിലെ ക്ലോസിങ്ങ് ബാലൻസ് തുക ചുവടെ ചേർക്കുന്നു.

| വർഷം | ക്ലോസിങ്ങ് ബാലൻസ് തുക |
|---|---|
| 2019-20 (31.3.2020) | 142573/- |
| 2020-21 (31.3.2021) | 264261/- |

കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ വരുമാനം ലഭിക്കുന്നില്ല. പ്രസ്തുത തുകയ്ക്ക് പലിശ ലഭിക്കത്തക്ക രീതിയിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് പലിശ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി- നം -15, തീയതി - 25.10.21) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

## 1-15 ഇ-ടെന്റർ ഫീസ് തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ മുൻവർഷങ്ങളിലേതുൾപ്പെടെ ലഭിക്കാനുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് -കെ.എസ്.ഇ.ബി.യ്ക്ക് അധിക തുക നല്കി

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ 2020 ജൂലൈ മുതൽ 2021 ജനുവരി വരെയുള്ള കാലയളവിലെ വൈദ്യുത ചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| മാസം | ഡിമാന്റ് ചെയ്ത തുക | തുക ഒടുക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|
| ജൂലൈ 2020 | 63990 | വൌച്ചർ നം. 22000285/11.08.20 | |

| | | | |
|---|---|---|---|
| 2020 ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെ | 256940 (@85646) | വൌച്ചർ നം. 22000582/28.12.20 | ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള 4 മാസത്തെ ബിൽ തുക ഡിമാന്റ് ചെയ്ത തീയതി 01.12.2020 |
| നവംബർ 2020 | 63990 | | |
| ഡിസംബർ 2020 | 83730 | വൌച്ചർ നം. 2200000727/ 02.02.21 | ബിൽ ഡ്യൂ ഡേറ്റ് 11.02.21 |
| ജനവരി 2021 | 63990 | | |

കെ.എസ്.ഇ.ബി ബില്ലുകൾ ശ്രദ്ധിച്ചാൽ മേൽക്കാലയളവിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ഉപഭോഗത്തിന് പ്രതിമാസം നൽകേണ്ട തുക 63990 രൂപയാണെന്ന് കാണുന്നു. അൺമീറ്റേഡ് താരിഫാണ് (LT-8A) കെ.എസ്.ഇ.ബി പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്കുകൾക്ക് ചുമത്തുന്നത്. ആയതിനാൽ ഉപഭോഗം കൂടിയതു കൊണ്ടല്ല ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെയും,ഡിസംബർ മാസത്തിലും അധിക തുക ചുമത്തിയിട്ടുള്ളത്. ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലെ ബില്ലിൽ ഒടുക്കിയ അധിക തുക 256940 -(63990 X3)191970=64970 രൂപയാണ്. 2020 ഡിസംബറിലെ ബില്ലിൽ ഒടുക്കിയ അധിക തുക 83730-63990= 19740 രൂപയാണ്. ആകെ 84710 രൂപ കെ.എസ്.ഇ.ബി. അധികം ചുമത്തിയിട്ടുണ്ട്.

ഇപ്രകാരം അധിക തുക ചുമത്തിയതിൽ അപാകത കാണുന്നു. ഇത് കെ.എസ്.ഇ.ബി യുടെ ശ്രദ്ധയിൽപ്പെടുത്തി ബിൽ കൃത്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 13/23.10.21 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-17 നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുത്ത് പൂർണ്ണമായി വിതരണം ചെയ്യാത്തതുമൂലം നഷ്ടം

| | |
|---|---|
| പ്രോജക്ട് നം./പേര് | S013/21, അടുക്കളത്തോട്ടം പച്ചക്കറി കൃഷി |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- 159250/-<br>ഗുണഭോക്തൃ വിഹിതം - 20250/-<br>ആകെ – 179500/- |
| ചെലവ് | ബിൽ നം.236/15.03.21 – 57323/-<br>ബിൽ നം.238/15,03.21 - 92036/-<br>ഗുണഭോക്തൃ വിഹിതം- 16608/-<br>ആകെ – 165967/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

വിത്തുകൾ, നടീൽ വസ്തുക്കൾ, ജൈവ വളം എന്നിവയടങ്ങിയ യൂണിറ്റ്, ഒന്നിന് 478 രൂപ നിരക്കിൽ 346 യൂണിറ്റാണ് വിതരണം ചെയ്യാനായി വാങ്ങിയത്. വിതരണ രജിസ്റ്ററിൽ ഇവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളില്ല, വിതരണ രേഖകൾ മാത്രമേയുള്ളൂ. വിതരണ രജിസ്റ്റർ പ്രകാരം ഇതിൽ 337 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 9യൂണിറ്റ് വിതരണം ചെയ്യാൻ ബാക്കിയുണ്ടാകേണ്ടതായിരുന്നെങ്കിലും വിതരണത്തിനായി ഒന്നും അവശേഷിക്കുന്നില്ല. കൂടാതെ 58 പാക്കറ്റ് നടീൽ വസ്തുക്കൾക്ക് പാക്കറ്റ് ഒന്നിന് 10 രൂപാ നിരക്കിൽ 580 രൂപയും, യൂണിറ്റ് ഒന്നിന് 478 രൂപ നിരക്കിൽ 346 യൂണിറ്റിന് 165388 രൂപയും ചേർത്താണ് 165967 നല്കിയിട്ടുള്ളത്. എന്നാൽ മേല്പറഞ്ഞ 58 പാക്കറ്റ് നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടില്ല, വിതരണം ചെയ്യാനായി അവശേഷിക്കുന്നുമില്ല.

478 രൂപ വീതം വിലയുള്ള 9 യൂണിറ്റുകളും 580 രൂപ വിലയുള്ള നടീൽ വസ്തുക്കളുമാണ് വിതരണം ചെയ്യാതെ നഷ്ടപ്പെടുത്തിയത്. ഇവയുടെ ആകെ വില (4302+580)=4882 രൂപയാണ്. ഇതു ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/12.10.21) വിതരണ രജിസ്റ്ററിൽ വന്ന ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് ഇങ്ങനെ സംഭവിച്ചത്, നടീൽ വസ്തുക്കൾ മുഴുവനും വിതരണം ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. വിതരണം സംബന്ധിച്ച ആധികാരിക രേഖയാണ് വിതരണ രജിസ്റ്റർ, അത് കൃത്യതയോടെ പരിപാലിക്കേണ്ടതും സൂപ്പർവൈസറി പരിശോധനയിൽ കണ്ടെത്തി തെറ്റ് തിരുത്തേണ്ടതുമായിരുന്നു. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. നഷ്ടം ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-18 മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും -പണം നൽകിയെങ്കിലും ഉപകരണങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്. | മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും |
| പ്രോജക്ട് നമ്പർ. | 176/21. |

| | |
|---|---|
| അടങ്കൽ | 59756(സി.എഫ്.സി.) |
| ചെലവ് ബിൽനം/തീയതി. | തുക |
| 59/20-21/18.03.21 | 30004 |
| 60/20-21/18.03.21 | 25906 |
| ആകെ ചെലവ് | 55910 |
| നിർവ്വഹണം | സെക്രട്ടറി |

മൃഗാശുപത്രിയിലേയ്ക്ക് ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, രണ്ട് ലേസർ പ്രിന്ററുകൾ എന്നിവ ലഭ്യമാക്കുന്നതിനായി കെൽട്രോൺ സമർപ്പിച്ച പ്രഫോർമ ഇൻവോയിസ് പ്രകാരമുള്ള വില താഴെ കൊടുക്കുന്നു.

ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ (With 19.5 Inch Monitor, Intel Core I3 10100 Processor, 4GB DDR4 RAM) (1) ---30004രൂപ.

ലേസർ പ്രിന്റർ (2 എണ്ണം) --25906 രൂപ.

പ്രസ്തുത പ്രഫോർമ ഇൻവോയിസ് പ്രകാരം യഥാക്രമം ബിൽനമ്പർ 59/20-21/18.03.21 പ്രകാരം പിൻവലിച്ച 30004രൂപ, ബിൽ നമ്പർ 60/20-21/18.03.21 പ്രകാരം പിൻവലിച്ച 25906രൂപ എന്നീ തുകകൾ കേരളാ സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്. ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തു വിതരണം നടത്തിയ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/15.10.21.) സി.പി.ആർ.സി.എസ്. പോർട്ടൽ മുഖേന വാങ്ങുന്നതിന് ഓർഡർ നൽകിയെങ്കിലും നാളിതുവരെ ഇവ ലഭ്യമായിട്ടില്ലെന്നു മറുപടി നൽകിയിട്ടുണ്ട്. ടി ഉപകരണങ്ങൾ ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതുവരെ ടി പദ്ധതിക്കായി കേരളാ സ്റ്റേറ്റ് ഐ.ടി. മിഷനു നൽകിയ 55910/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ - ആവശ്യകത നിർണ്ണയിക്കാതെ വാങ്ങി - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ |
| പ്രോജക്ട് നം. | S0046/21 |
| അടങ്കൽ | 160000 (വി.ഫണ്ട്- 80810, തനതുഫണ്ട്-79190) |
| ചെലവ്. | 160000 |
| ബിൽ നം/തീയതി. | തുക. |
| 3/20-21/20.04.20 | 80810 |
| ചെക്ക് നം.2181243/30.03.20 | 79190 |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

രജിസ്റ്റേർഡ് മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിപ്രകാരം മേശ ഒന്നിന് 4472 രൂപ, കസേര ഒന്നിന് 2251 രൂപ നിരക്കുകളിൽ കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 20 മേശയും കസേരയും വാങ്ങിയതിന് 160000 രൂപ ചെലവഴിച്ചിട്ടുണ്ട്.

കാഡ്കോയുടെ ഇൻവോയിസ് പ്രകാരമുള്ള ഒരു യൂണിറ്റിന്റെ വിലവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| HW S.D Table | 4472 |
| HW Armless Chair | 2251 |
| ആകെ | 6723 |
| GST @18% | 1210 |
| KFC @ 1% | 67 |
| ആകെ | 8000 |

ഇവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും 18 വിദ്യാർത്ഥികളുടെ കൈപ്പറ്റുവിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള ഉപകരണങ്ങൾ വിതരണം ചെയ്യാതിരുന്നതിനു കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി. നം. 6/17.10.21.) ലഭ്യമാക്കിയ മറുപടി പ്രകാരം അർഹരായ രണ്ടു ഗുണഭോക്താക്കളെക്കൂടി കണ്ടെത്താത്തതിനാൽ വിതരണം നടത്താൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വാങ്ങൽ നടത്തുന്നതിന് മുമ്പേ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം കണ്ടെത്തി വാങ്ങൽ നടത്തുവാൻ

ശ്രദ്ധിക്കേണ്ടതാണ്. വിതരണം നടത്താതിരുന്ന രണ്ടു സെറ്റ് ഉപകരണങ്ങൾക്ക് നികുതിയുൾപ്പടെ നൽകിയ 16000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഓഡിറ്റ് ഇംപാക്ട്

എ) ഗ്രാമപഞ്ചായത്തിൽ ചെയ്ത കണ്ണോത്ത് - മുതാറ്റ് റോഡ് ടാറിംഗ്, പഞ്ചായത്ത് -കൊച്ചേരി റോഡ് റീ ടാറിംഗ്, കുരിശു കടവ് - പള്ളിത്തോട് റോഡ് മെറ്റലിംഗും ടാറിംഗും പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില ബില്ലിൽ നിന്നും കുറവു ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ 9/20-10-21 ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരെകൊണ്ട് ടാർ വീപ്പയുടെ വിലയിനത്തിൽ 10638/- (രസീത് നമ്പർ 121010101561/26-10-21) ഗ്രാമപഞ്ചായത്തിൽ അടപ്പിച്ചിട്ടുണ്ട്.

ബി) തൈക്കാട്ടുശ്ശേരി ഗവ.യു.പി. എസ് അറ്റകുറ്റപ്പണിക്ക് ടെണ്ടർ ക്ഷണിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 6.1% കുറവു ക്വോട്ടു ചെയ്ത ശ്രീ.രാഘവേന്ദ്രഷേണായിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ 9/20-10-21 ഓഡിറ്റ് എൻക്വയറിക്ക് കരാറുകാരനെകൊണ്ട് 10179/- (രസീത് നമ്പർ 121010101567/26-10-21) ഗ്രാമപഞ്ചായത്തിൽ അടപ്പിച്ചിട്ടുണ്ട്.

## 1-21 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

സബിത വിനീഷ്, വിനീഷ് ഭവനം, വാർഡ് 2 എന്ന ഗുണഭോക്താവ് 24.10.18 ന് 40,000 രൂപ മുൻകൂറായി ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഭവന നിർമ്മാണത്തിൽ പുരോഗതിയില്ല. ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാനായില്ലെങ്കിൽ മുൻകൂർ തിരികെ ഈടാക്കേണ്ടതാണ്.

## 1-22 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

സാന്ത്വന പരിചരണം (പ്രോജക്റ്റ് നം. - 69/2020-21)

അടങ്കൽ - 6.6 ലക്ഷം

ചെലവ് - 6.6 ലക്ഷം

(എ) മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവഹണം നടത്തിയ സാന്ത്വന പരിചരണം എന്ന പ്രോജക്റ്റിനായി ബിൽ നം. 09/20-21, തീയതി- 30.10.20 (തുക- 83,768/- രൂപ) പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന് നല്കിയിരുന്നു. മരുന്നുകൾ ലഭ്യമായിട്ടില്ല.

(ബി) ബിൽ നം. 16/20-21, തീയതി- 15.02.21 (തുക- 49700) പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന് നല്കിയിരുന്നു. എന്നാൽ, 36240 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയത്. 13459/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/25.10.21) മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. 97227/- (83768+13459) രൂപയുടെ ചെലവ് ഓഡിറ്റിൽ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

## 1-23 എൽ.പി.സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം.-പണം നൽകിയെങ്കിലും കമ്പ്യൂട്ടറുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്. | എൽ.പി.സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം. |
| പ്രോജക്റ്റ് നം. | S0062/21. |
| അടങ്കൽ | 160487. |
| വികസനഫണ്ട്(സി.എഫ്.സി.) | 150487. |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 10000 |
| ചെലവ്. | |
| ബിൽ നം/തീയതി. | തുക. |

| | |
|---|---|
| 9/20-21/13.08.20 | 74127. |
| 7/20-21/13.08.20 | 91581. |
| നിർവ്വഹണഉദ്യോഗസ്ഥൻ. | സെക്രട്ടറി. |

എൽപി. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ്റൂം നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിപ്രകാരം സി.പി.ആർ.സി.എസ്. പോർട്ടൽ വഴി 22509 രൂപ നിരക്കിൽ മൂന്ന് മൾട്ടി മീഡിയ പ്രൊജക്ടർ, 2200 രൂപ നിരക്കിൽ മൂന്ന് വാൾടൈപ്പ് പുൾഡൗൺ പ്രൊജക്ടർ സ്ക്രീൻ എന്നിവ വാങ്ങുന്നതിനായി കെൽട്രോണിന്റെ പ്രഫോർമ ഇൻവോയിസ് പ്രകാരം കെൽട്രോണിന്റെ അക്കൗണ്ടിലേയ്ക്ക് 74127 രൂപ നൽകിയിട്ടുണ്ട്. കൂടാതെ, മൂന്ന് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന്റെ അക്കൗണ്ടിലേയ്ക്ക് 91581 രൂപ നൽകിയിട്ടുണ്ട്. കെൽട്രോൺ ലഭ്യമാക്കിയ മൾട്ടി മീഡിയ പ്രൊജക്ടറുകൾ, വാൾടൈപ്പ് പുൾഡൗൺ പ്രൊജക്ടറുകൾ എന്നിവ പഞ്ചായത്തുകാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയവ സ്റ്റോക്കിലെടുത്ത് സ്കൂളുകൾക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. മൂന്ന് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന്റെ അക്കൗണ്ടിലേയ്ക്ക് 91581 രൂപ നൽകിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടില്ല. ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കമ്പ്യൂട്ടറുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതുവരെ 91581 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 മീറ്ററിംഗ് സിസ്റ്റം ഇല്ലാത്തതിനാൽ വൈദ്യുതി ചാർജ് അധികം നല്കേണ്ടി വരുന്നു

പഞ്ചായത്തിലെ തെരുവ് വിളക്കുകൾ മീറ്റേഡ് സിസ്റ്റത്തിലല്ല പ്രവർത്തിക്കുന്നത്. കെ.എസ്.ഇ. ബി ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള, പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | സാധാരണ ബൾബ് 40 വാട്സ് | 220 |
| 2 | സാധാരണ ബൾബ് 60 വാട്സ് | 72 |
| 3 | ഫ്ലൂറസൻറ് ട്യൂബ് 2X40 | 222 |
| 4 | സോഡിയം വേപ്പർ ലാംപ് 1X250 | 10 |
| 5 | എൽ.ഇ.ഡി 1X20 | 130 |

പഞ്ചായത്തിലെ തെരുവ് വിളക്കുകൾ സി.എഫ്.എല്ലും എൽ.ഇ.ഡിയും ആക്കാൻ നിരവധി പ്രോജക്ടുകൾ ഏറ്റെടുത്ത സാഹചര്യത്തിൽ സാധരണ ബൾബുകളും ഫ്ലൂറസന്റ് ട്യൂബുകളും ഇത്രയധികം ഉണ്ടാകാനുള്ള സാധ്യത വിരളമാണ്. പകരം എൽ.ഇ.ഡി ലൈറ്റുകൾ കൂടുതലുണ്ടാകാം. 20 വാട്സ് എൽ.ഇ.ഡി ലൈറ്റുകളുടെ വൈദ്യുതി ചാർജ് 40/60 വാട്സ് സാധരണ ബൾബുകൾ/ഫ്ലൂറസന്റ് ട്യൂബുകൾ എന്നിവയേക്കാൾ കുറവായതിനാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടത് ആവശ്യമാണ്. കൂടാതെ പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് അൺമീറ്റേഡ് താരിഫാണ് (LT-8A) ചുമത്തുന്നത്. 2014-15 കാലഘട്ടത്തിൽ മിക്ക പഞ്ചായത്തുകളും തെരുവ് വിളക്കുകൾ മീറ്റേഡ് ആക്കാനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകൾ മീറ്റേഡാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്റേഡ് സിസ്റ്റത്തിലാക്കാൻ കെ.എസ്.ഇ.ബി.യുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ആശ്രയ പദ്ധതി - അപാകതകൾ

അഗതി - ആശ്രയ പദ്ധതിക്കായി (പദ്ധതി നം. 8/21) നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ഓഡിറ്റ് വർഷം 3 ലക്ഷം രൂപ ബിൽ നമ്പർ 3/20-21/21.10.20 പ്രകാരം പിൻവലിച്ച് കുടുംബശ്രീ സി.ഡി.എസ്സിന്റെ എസ്.ബി.ഐ അക്കൗണ്ടിൽ (നം. 67057578295) നിക്ഷേപിച്ചിട്ടുണ്ട്. ചെലവുതുകയുടെ വിശദാംശങ്ങൾ നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/25.10.21) ടി തുക നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടില്ല എന്നു മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയതിയിൽ ആശ്രയ പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ചിട്ടുള്ള തുകയിൽ 2019-20വർഷത്തെ നീക്കിയിരുപ്പ് തുക ഉൾപ്പടെ 347510 രൂപ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വ്യക്തമായ ആസൂത്രണം ഇല്ലാതെ പദ്ധതിപ്പണം ചെലവഴിക്കുന്നതായാണ് ഇതിൽ നിന്നും മനസ്സിലാകുന്നത് മാത്രമല്ല തുക മാറി നൽകിയതിനു ശേഷം കൃത്യമായ മോണിറ്ററിംഗുമില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ തുക എത്രയും വേഗം ചെലവഴിച്ച് വിവരം അറിയിക്കേണ്ടതും അല്ലാത്തപക്ഷം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

## 1-26 എസ്.സി. വിവാഹധനസഹായം - പദ്ധതിനടത്തിപ്പിലെ അപാകതകൾ

2020-21 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി (പ്രോജക്ട് നം.6/21) പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 75000 രൂപ വീതം നൽകുന്നതിന് വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 750000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും വിവാഹധനസഹായം ലഭിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റുകൾ പദ്ധതി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം |
|---|---|
| 1. | വേലായുധൻ, കുർത്തനാംപറമ്പിൽ. |
| 2. | മല്ലിക, കൊട്ടപ്പള്ളി. |
| 3. | ഷൺമുഖൻ, സാവിത്രി നിലയം. |
| 4. | സലിമോൻ, പുഞ്ചാത്തറ വീട്. |
| 5. | ബാഹുലേയൻ, പത്മാലയം. |
| 6. | ജയ, ചാലുനികർത്തിൽ. |
| 7. | സുനി, എലിക്കാട്ടുവെളി, പൂച്ചാക്കൽ. പി.ഒ. |

ടി സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. വാർഷികവരുമാനം 3 ലക്ഷത്തിൽ കൂടുതലുള്ള വ്യക്തിക്ക് വിവാഹധനസഹായം നൽകി.

സുനി, എലിക്കാട്ടുവെളി, പൂച്ചാക്കൽ.പി.ഒ. എന്ന വ്യക്തിയുടെ മകളുടെ വിവാഹധനസഹായമായി ബിൽ നം. 6/20-21 /13.11.20 പ്രകാരം 75000 രൂപ പിൻവലിച്ച് ശ്രീമതി.സുനിയുടെ പേരിലുള്ള 10510100235601 നമ്പർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടിയാളുടെ കുടുംബവരുമാന സർട്ടിഫിക്കറ്റ്, പട്ടികജാതി വകുപ്പിൽ നിന്നും വിവാഹധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ പദ്ധതി ഫയലുകളിൽ ഹാജരാക്കിയിട്ടില്ല. ടിയാൾ സമർപ്പിച്ചിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം കുടുംബത്തിന് പ്രതിമാസം 26000 രൂപ വരുമാനമുണ്ട്. ഇതനുസരിച്ച് 300000 രൂപയിൽ കൂടുതൽ വാർഷികവരുമാനമുള്ള കുടുംബത്തിലെ അംഗത്തിന് ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19./24.10.21. - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി.വ്യക്തിക്ക് അനുവദിച്ച 75000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്ററും ഫോട്ടോകോപ്പി മെഷീനും വാങ്ങൽ.- ഉപകരണങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്. | പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്ററും ഫോട്ടോകോപ്പി മെഷീനും വാങ്ങൽ. |
| പ്രോജക്ട് നം. | S0063/21. |
| അടങ്കൽ | 229880(സി.എഫ്.സി.) |
| ചെലവ്. | |
| ബിൽ നം/തീയതി. | തുക. |
| 8/20-21/13.08.20 | 58906. |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി. |

പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്ററും ഫോട്ടോകോപ്പി മെഷീനും വാങ്ങുന്നതിനായി വിഭാവനം ചെയ്ത പദ്ധതിപ്രകാരം സി.പി.ആർ.സി.എസ്. പോർട്ടൽ വഴി പ്രിന്റർ വാങ്ങുന്നതിനായി കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന്റെ അക്കൗണ്ടിലേയ്ക്ക് 58906 രൂപ നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ പ്രഫോർമ ഇൻവോയിസ് പ്രകാരമുള്ള തുകയാണ് നൽകിയിരിക്കുന്നത്.

ടി ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/16.10.21.) സി.പി.ആർ.സി.എസ്. പോർട്ടൽ മുഖേന വാങ്ങുന്നതിന് ഓർഡർ നൽകിയെങ്കിലും നാളിതുവരെ ഇവ ലഭ്യമായിട്ടില്ലെന്ന മറുപടി നൽകിയിട്ടുണ്ട്. ടി ഉപകരണങ്ങൾ ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതുവരെ ടി പദ്ധതിക്കായി കേരളാ സ്റ്റേറ്റ് ഐ.ടി. മിഷനു നൽകിയ 58906/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചെങ്കിലും വൈദ്യുതീകരിച്ചില്ല.- തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വികസനഫണ്ട്-(സിഎഫ്.സി) ൽ നിന്നും 796000 രൂപ പിൻവലിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതിലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം. | അടങ്കൽ | ചെലവ് | ബിൽ നം/ തീയതി. |
|---|---|---|---|
| 152/21 | 200000 | 200000 | 44/20-21 /4.03.21. |
| 153/21 | 200000 | 200000 | 45/20-21 /4.03.21. |
| 155/21 | 100000 | 96000 | 46/20-21 /4.03.21. |
| 156/21 | 300000 | 300000 | 47/20-21 /4.03.21. |

പദ്ധതിപ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും വാങ്ങിയ 8 മിനി മാസ്റ്റ് ലൈറ്റുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും ആയതിന്റെ വിതരണവിവരങ്ങൾ, അവ സ്ഥാപിച്ചതിന്റെ വിവരങ്ങൾ, ഇവ വൈദ്യുതീകരിച്ച് ഉപയോഗയോഗ്യമാക്കിയതു സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ടി ലൈറ്റുകൾ വൈദ്യുതീകരിക്കുന്നതിനായി KSEBയിൽ നാളിതുവരെ അപേക്ഷ നൽകിയതായി കാണുന്നില്ല. അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ ആപ്ലിക്കേഷൻ ഫീ നമ്പർ, KSEBയിൽ നിന്നുള്ള എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് തുക ഒടുക്കിയ രേഖകൾ, വൈദ്യുതീകരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച് KSEB യിൽ നിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ്, എനർജൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/22.10.21) നൽകിയെങ്കിലും അവ ഹാജരാക്കിയിട്ടില്ല. കോവിഡ് പ്രതിസന്ധി മൂലം KSEB യിൽ അപേക്ഷ കൊടുക്കുന്നതിൽ കാലതാമസം നേരിട്ടു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. KSEB യിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കിയ അപേക്ഷാ ഫോമിന്റെ പകർപ്പുകൾ മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. കരാർ പ്രകാരം ലൈറ്റുകളുടെ ഗാരണ്ടി കാലാവധി രണ്ടു വർഷമാണ്. വൈദ്യുതീകരിച്ച് ഉപയോഗയോഗ്യമാക്കാൻ വൈകുന്തോറും അവയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനോ, അവ മാറ്റി സ്ഥാപിക്കുന്നതിനോ വീണ്ടും പഞ്ചായത്തുഫണ്ട് ഉപയോഗിക്കേണ്ടി വരും. മിനി മാസ്റ്റ് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി KSEB-യിൽ നിന്നും ലഭ്യമാകുന്ന മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ പ്രസ്തുത പദ്ധതികൾക്കായി നടത്തിയ 796000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 സ്ട്രീറ്റ് ലൈനുകൾ ദീർഘിപ്പിക്കൽ- രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ട്രീറ്റ് ലൈനുകൾ ദീർഘിപ്പിക്കുന്നതിന് KSEB യുടെ എസ്റ്റിമേറ്റ് പ്രകാരം, വികസനഫണ്ട്-(സിഎഫ്.സി) ൽ നിന്നും 982633 രൂപ പിൻവലിച്ച് KSEB ക്കു നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം. | അടങ്കൽ | ചെലവ് | ബിൽ നം /തീയതി. |
|---|---|---|---|
| 19/21 | 300000 | 300000 | 48/20-21 /27.02.21. |
| 83/21 | 300000 | 300000 | 49/20-21 /27.02.21. |
| 154/21 | 200000 | 200000 | 50/20-21 /27.02.21. |
| 157/21 | 200000 | 182633 | 51/20-21 /27.02.21. |
| ആകെ | | 982633 | |

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിന് KSEB 982633 രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും ആയതു പ്രകാരം തൻവർഷം ടി തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ട്രീറ്റ് ലൈനുകൾ ദീർഘിപ്പിച്ചതിന്റെ വിശദാംശങ്ങൾ, അവ വൈദ്യുതീകരിച്ച് ഉപയോഗയോഗ്യമാക്കിയതു സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ലൈനുകൾ സ്ഥാപിച്ച് വൈദ്യുതീകരിച്ച് ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച് KSEB യിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, എനർജൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/22.10.21) ലഭ്യമാക്കിയ മറുപടി പ്രകാരം ടി പ്രവൃത്തി നടന്നുവരികയാണെന്നും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതുവരെ പ്രവൃത്തി നടത്തിപ്പിനായി നടത്തിയ 982633 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | മണപ്പുറം -മരോട്ടിക്കൽ തോപ്പിൽ റോഡ് ടാറിംഗ് | 1405 | വികസന ഫണ്ട് | 32/26-03-21 രൂപ 295000/- |
| 2 | കുട്ടുങ്കൽ -കോപ്പായി റോഡ് മെറ്റലിംഗ് ടാറിംഗ് | 1686 | റോഡു സംരക്ഷണ ഗ്രാന്റ് | 31/26-03-21 രൂപ 288000/ |
| 3 | ഗൗരിനാഥക്ഷേത്രം - മണപ്പുറം തോപ്പിൽ റോഡ് റീടാറിംഗ് | 6195 | റോഡു സംരക്ഷണ ഗ്രാന്റ് | 3/1704-20 രൂപ 399478/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ പ്രവൃത്തികൾ വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളതിനാൽ തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/20-10-21.ന് ഗവൺമെന്റിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പിൻവലിക്കുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 58398/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത

കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതിയിനത്തിൽ 1%വും, (ആദായ നികുതി നിയമം 194 C), CGST Act 2017ലെ വകുപ്പ് 51 (1), SGST Act 2017ലെ വകുപ്പ് 51(1) എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധികരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% തുക GST ഇനത്തിലും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

നികുതികൾ കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 58398 അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 20/24-10-21 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (വിശദാംശം ഭാഗം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-32 സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു.അധികംനൽകിയത്-- 10331/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ്/കാന നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾക്കായിട്ടാണ് ടെണ്ടർ ക്ഷണിച്ചിരുന്നതെങ്കിലും കോൺക്രീറ്റ് മിക്സർ, വൈബ്രേറ്റർ എന്നീ ഉപകരണങ്ങളും വാടകയ്ക്ക് സപ്ളൈ ചെയ്തിരിക്കുന്നത് കരാറുകാരാണ്. സാധന വിലയും വാടകയും അനുവദിച്ചപ്പോൾ എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും കരാറുകാർക്ക് നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/24-10-21 ന് മെറ്റീരിയൽ നൽകുന്നതിനോടൊപ്പം ആവശ്യമായ ഉപകരണങ്ങളും കരാറുകാർ തന്നെയാണ് പ്രവൃത്തി സ്ഥലത്തേക്ക് എത്തിക്കുന്നതിനാലാണ് ടി വർക്കുകളുടെ Sundries തുക കരാറുകാരന് നൽകുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ സപ്ളൈ ചെയ്ത സാധനങ്ങളുടെ വിലയും വാടകയും മാത്രമാണ് കരാറുകാർക്ക് അനുവദിക്കാവുന്നത്. പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുക നൽകിയത് അധികം നൽകാനിടയാക്കി. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.(വിശദാംശം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-33 ദുരിതാശ്വാസനിധി രൂപീകരണം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് (അക്കൗണ്ട് നം. SB 67029634018 State Bank Of India). പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ 10856 രൂപ നീക്കിയിരുപ്പുണ്ട്. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 പഞ്ചായത്ത് തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധത്തിനായി പഞ്ചായത്ത് തലത്തിൽ കോവിഡ് ജാഗ്രതാ പോർട്ടലിൽ 63 പേർ രജിസ്റ്റർ ചെയ്തിരുന്നു. അവരിൽ 27 പേർക്ക് കില മുഖാന്തിരം പരിശീലനം നൽകി വോളന്റിയർമാരായി നിയമിച്ചു.

ഗ്രാമപഞ്ചായത്ത് കാര്യാലയം കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിലെ അദ്ധ്യാപകർ, വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, അംഗൻവാടി ജീവനക്കാർ, സന്നദ്ധപ്രവർത്തകർ, എന്നിവർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ടു. തനതുഫണ്ട്, സർക്കാരിന്റെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക, പ്ലാൻ ഫണ്ട് എന്നിവയിൽ നിന്നും ആവശ്യമായ ഫണ്ട് ചെലവഴിച്ചു.

ദുരന്തനിവാരണ അതോറിട്ടിയിൽ നിന്നും ലഭിച്ച 3 ലക്ഷം രൂപയും കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു.

സി.എഫ്.എൽ.ടി.സി പ്രവർത്തനസജ്ജമാക്കിയിരുന്നെങ്കിലും പ്രവർത്തനം ആരംഭിക്കേണ്ടി വന്നില്ല.

പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ച് രോഗികൾക്കും ക്വാറന്റൈനിലുള്ളവർക്കും സൗജന്യമായി ഭക്ഷണം നൽകി. തുടർന്ന് ജനകീയ അടുക്കള വഴി മിതമായ നിരക്കിൽ ഭക്ഷണം നൽകി. സുഭിക്ഷ കേരളം പദ്ധതി പ്ളാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു.

പഞ്ചായത്തിൽ ആകെ 2770 പേർ കോവിഡ് പോസിറ്റീവ് ആയിരുന്നു. 2725പേർക്ക് രോഗം ഭേദമായി . 34പേർ മരണപ്പെട്ടു.

നിലവിൽ 11 പേർ രോഗബാധിതരായി തുടരുന്നു. പഞ്ചായത്തിലെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ തൃപ്തികരമായി

നടപ്പിലാക്കിയിട്ടുണ്ട്.

ഓഡിറ്റ് തീയതി വരെ പഞ്ചായത്ത് പരിധിയിൽ വാക്സിനേഷൻ ലഭിച്ചവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രായം | ജനസംഖ്യ. | ഒന്നാം ഡോസ് ലഭിച്ചവർ. | രണ്ടാം ഡോസ് ലഭിച്ചവർ. | വാക്സിനേഷൻ ലഭിക്കാത്തവർ |
|---|---|---|---|---|
| 18-44 | 7384 | 7384 | 2090 | 0 |
| 45-59. | 4866 | 4661 | 2018 | 205 |
| 60 ന മുകളിൽ. | 4368 | 4358 | 2786 | 10 |
| ആകെ | 16618 | 16403 | 6894 | 215. |

അവലംബം.- ഓഡിറ്റ് എൻക്വയറി. നം 8/20.10.21 ന് ലഭ്യമാക്കിയ മറുപടി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നിയമാനുസൃത നികുതികൾ സ്രോതസിൽ നിന്നും ഈടാക്കിയില്ല -നഷ്ടം 58398/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പേൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതിയിനത്തിൽ 1%വും (ആദായ നികുതി നിയമം 194 C), CGST Act 2017ലെ വകുപ്പ് 51 (1), SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% തുക GST ഇനത്തിലും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും ഇവ ഈടാക്കിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സാധന വിലയിനതതിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഈടാക്കേണ്ട GST (2%) | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|---|---|
| എ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - ജെറിൻ ജെ റോയിസ് | | | | |
| 1 | മൈത്രി റോഡ് മെറ്റലിംഗ് | 168029 | 1680 | --- | 19/10-07-20 രൂപ 168029 |
| 2 | മേനം പറമ്പ് ചീരാംപറമ്പ് റോഡ് മെറ്റലിംഗ് | 131691 | 1317 | --- | 21,22/21-7-20 രൂപ139496/- |
| | | | | | |
| 3 | കലേക്കാട് മുട്ടംപുറം റോഡ് മെറ്റലിംഗ് | 261682 | 2617 | 5234 | 201,202/11-3-21 രൂപ261682/- |
| 4 | മൂലംകുഴി റോഡ് മെറ്റലിംഗ് | 182709 | 1827 | --- | 124/31-3-21 രൂപ182709/- |
| 5 | കാട്ടുത്തറ -വട്ടത്തറ റോഡ് മെറ്റലിംഗ് | 222935 | 2229 | --- | 21,22/16-3-21 രൂപ222935/- |

| | | | | | |
|---|---|---|---|---|---|
| ബി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - ആൻറണി ജോൺ | | | | |
| 6 | ഇൻഡർ ലോക്കിംഗ് സിമന്റ് ബ്ലോക്ക് റോഡ് വാർഡ് -5 | 368547 | 3685 | 7370 | 10,11,12,13/10-7-2020 രൂപ368547/- |
| സി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അനന്തപൈ | | | | |
| 7 | ഇൻഡർ ലോക്കിംഗ് ഫുട്പാത്ത് | 100802 | 1008 | --- | 201,202/16-3-21 രൂപ100802/ |
| 8 | സിമന്ഡ് കോൺക്രീറ്റിംഗ് റോഡ് നിമ്മാണം | 408310 | 4083 | 8166 | 208,209,210/31-3-21 രൂപ 408310/- |
| ഡി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അക്ഷയ് ലാൽ | | | | |
| 9 | കുന്നനാട്ട് നടപ്പാത കോൺക്രീറ്റിംഗ് | 79972 | 800 | --- | 92/12-11-20 രൂപ 79972/- |
| 10 | തയ്യനാട്ട് വെളി കുന്നനാട്ട് റോഡ് കോൺക്രീറ്റിംഗ് | 231801 | 2318 | --- | 89.90/12-11-20 രൂപ 231801/- |
| 11 | സിമന്ഡ് കോൺക്രീറ്റിംഗ് റോഡ് വാർഡ് -6 | 186007 | 1860 | --- | 4/28-7-20 രൂപ 186007/- |
| ഇ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - ടി.ജെ .ജോബ് | | | | |
| 12 | ഇൻഡർ ലോക്കിംഗ് സിമന്റ് ബ്ലോക്ക് റോഡ് വാർഡ് -15 | 217997 | 2180 | --- | 94,95/12-11-20 രൂപ 217997/- |
| 13 | ഇൻഡർ ലോക്കിംഗ് സിമന്റ് ബ്ലോക്ക് റോഡ് വാർഡ് -5 | 214819 | 2148 | --- | 214,215/12-8-20 രൂപ 214819/- |
| എഫ് | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അനിൽകുമാർ | | | | |
| 14 | കുട്ടച്ചിറ റോഡ് ഫോർമേഷൻ | 329222 | 3292 | 6584 | 86,87/25-11-20രൂപ 339222/- |
| ആകെ | | | 31044 | 27354 | |

നികുതികൾ കുറവു ചെയ്യാതെ തുക അനുവദിച്ചതിനാൽ കാരാറുകാർക്ക് 58398 (31044+27354)അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 20/24-10-21 ന് കരാറുകാരിൽ നിന്നും തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും അനുവദിച്ചു.അധികംനൽകിയത്-- 10331/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ്/കാന നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾക്കായിട്ടാണ് ടെണ്ടർ ക്ഷണിച്ചിരുന്നതെങ്കിലും കോൺക്രീറ്റ് മിക്സർ, വൈബ്രേറ്റർ എന്നീ ഉപകരണങ്ങളും വാടകയ്ക്ക് സപ്ളൈ ചെയ്തിരിക്കുന്നത് കരാറുകാറാണ്. സാധന വിലയും വാടകയും അനുവദിച്ചപ്പോൾ എസ്റ്റിമേറ്റിൽ പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുകയും കരാറുകാർക്ക് നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 20/24-10-21 ന് മെറ്റീരിയൽ നൽകുന്നതിനോടൊപ്പം ആവശ്യമായ ഉപകരണങ്ങളും കരാറുകാർ തന്നെയാണ് പ്രവൃത്തി സ്ഥലത്തേക്ക് എത്തിക്കുന്നതിനാലാണ് ടി വർക്കുകളുടെ Sundries തുക കരാറുകാരന് നൽകുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

എന്നാൽ സപ്ളൈ ചെയ്ത സാധനങ്ങളുടെ വിലയും വാടകയും മാത്രമാണ് കരാറുകാർക്ക് അനുവദിക്കാവുന്നത്. പലവക (Sundries)യിനത്തിൽ വകയിരുത്തിയ തുക നൽകിയത് അധികം നൽകാനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | Sundriesയിനത്തിൽ വകയിരുത്തിയതും നൽകിയതുമായ തുക | ചെലവു വിവരം (ബിൽ നമ്പർ) |
|---|---|---|---|
| എ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - ജെറിൻ ജെ റോയീസ് | | |
| 1 | മൈത്രി റോഡ് മെറ്റലിംഗ് | 687 | 19/10-07-20 രൂപ 168029 |
| 2 | മേനം പറമ്പ് ചീരാംപറമ്പ് റോഡ് മെറ്റലിംഗ് | 540 | 21,22/21-7-20 രൂപ139496/- |
| 3 | കലേക്കാട് മുട്ടംപുറം റോഡ് മെറ്റലിംഗ് | 613 | 201,202/11-3-21 രൂപ261682/- |
| 4 | മൂലംകുഴി റോഡ് മെറ്റലിംഗ് | 522 | 124/31-3-21 രൂപ182709/- |
| 5 | കാട്ടുത്തറ -വട്ടത്തറ റോഡ് മെറ്റലിംഗ് | 782 | 21,22/16-3-21 രൂപ222935/- |
| ബി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - ആൻറണി ജോൺ | | |
| 6 | ഇൻഡർ ലോക്കിംഗ് സിമന്റ് ബ്ലോക്ക് റോഡ് വാർഡ് -5 | 470 | 10,11,12,13/10-7-2020 രൂപ368547/- |
| സി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അനന്തപൈ | | |
| 7 | ഇൻഡർ ലോക്കിംഗ് ഫുട്പാത്ത് | 238 | 201,202 /16-3-21രൂപ100802/ |
| 8 | സിമന് ഡ് കോൺക്രീറ്റിംഗ് റോഡ് നിമ്മാണം | 2430 | 208,209,210/31-3-21 രൂപ 408310/- |
| ഡി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അക്ഷയ് ലാൽ | | |
| 9 | കുന്നനാട്ട് നടപ്പാത | 485 | 92/12-11-20 രൂപ 79972/- |

| | | | |
|---|---|---|---|
| | കോൺക്രീറ്റിംഗ് | | |
| 10 | തയ്യനാട്ട് വെളി കുന്നനാട്ട് റോഡ് കോൺക്രീറ്റിംഗ് | 1032 | 89.90/12-11-20 രൂപ 231801/- |
| 11 | സിമന് ഡ് കോൺക്രീറ്റിംഗ് റോഡ് വാർഡ് -6 | 1286 | 4/28-7-20 രൂപ 186007/- |
| ഇ | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - ടി.ജെ.ജോബ് | | |
| 12 | ഇൻഡർ ലോക്കിംഗ് സിമന്റ് ബ്ലോക്ക് റോഡ് വാർഡ് -15 | 487 | 94,95/12-11-20 രൂപ 217997/- |
| 13 | ഇൻഡർ ലോക്കിംഗ് സിമന്റ് ബ്ലോക്ക് റോഡ് വാർഡ് -5 | 381 | 214,215/12-8-20 രൂപ 214819/-Z |
| എഫ് | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ - അനിൽകുമാർ | | |
| 14 | കുട്ടച്ചിറ റോഡ് ഫോർമേഷൻ | 378 | 86,87/25-11-20രൂപ 339222/- |
| ആകെ | | 10331 | |

അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 നടീൽ വസ്തുക്കൾ സ്റ്റോക്കിലെടുത്ത് പൂർണ്ണമായി വിതരണം ചെയ്യാത്തതുമൂലം നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. /പേര് | S013/21, അടുക്കളത്തോട്ടം പച്ചക്കറി കൃഷി |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- 159250/-<br>ഗുണഭോക്തൃ വിഹിതം - 20250/-<br>179500 |
| ചെലവ് | ബിൽ നം.236/15.03.21 – രൂപ 57323/-<br>ബിൽ നം.238/15,03.21 - രൂപ 92036/-<br>ഗുണഭോക്തൃ വിഹിതം- രൂപ 16608/-<br>ആകെ 165967/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

അടുക്കളത്തോട്ടം പച്ചക്കറി കൃഷി എന്ന പ്രോജക്ടിൽ വിത്തുകൾ, നടീൽ വസ്തുക്കൾ, ജൈവ വളം എന്നിവയടങ്ങിയ യൂണിറ്റ്, ഒന്നിന് 478 രൂപ നിരക്കിൽ 346 യൂണിറ്റാണ് വിതരണം ചെയ്യാനായി വാങ്ങിയത്. വിതരണ രജിസ്റ്ററിൽ ഇവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളില്ല, വിതരണ രേഖകൾ മാത്രമേയുള്ളൂ. വിതരണ രജിസ്റ്റർ പ്രകാരം ഇതിൽ 337 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 9 യൂണിറ്റ് വിതരണം ചെയ്യാൻ ബാക്കിയുണ്ടാകേണ്ടതായിരുന്നെങ്കിലും വിതരണത്തിനായി ഒന്നും അവശേഷിക്കുന്നില്ല. കൂടാതെ 58 പാക്കറ്റ് നടീൽ വസ്തുക്കൾക്ക് പാക്കറ്റ് ഒന്നിന് 10 രൂപാ നിരക്കിൽ 580 രൂപയും, യൂണിറ്റ് ഒന്നിന് 478 രൂപ നിരക്കിൽ 346 യൂണിറ്റിന് 165388 രൂപയും ചേർത്താണ് 165967 നല്കിയിട്ടുള്ളത്. എന്നാൽ മേല്പറഞ്ഞ 58 പാക്കറ്റ് നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടില്ല, വിതരണം ചെയ്യാനായി അവശേഷിക്കുന്നുമില്ല.

478 രൂപ വീതം വിലയുള്ള 9 യൂണിറ്റുകളും 580 രൂപ വിലയുള്ള നടീൽ വസ്തുക്കളുമാണ് വിതരണം ചെയ്യാതെ നഷ്ടപ്പെടുത്തിയത്. ഇവയുടെ ആകെ വില (4302+580)=4882 രൂപയാണ്. ഇത് ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (12/12.10.21) വിതരണ രജിസ്റ്ററിൽ വന്ന ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് ഇങ്ങനെ സംഭവിച്ചത്, നടീൽ വസ്തുക്കൾ മുഴുവനും വിതരണം ചെയ്തിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. വിതരണം സംബന്ധിച്ച ആധികാരിക രേഖയാണ് വിതരണ രജിസ്റ്റർ, അത് കൃത്യതയോടെ പരിപാലിക്കേണ്ടതും സൂപ്പർ വൈസറി പരിശോധനയിൽ കണ്ടെത്തി തെറ്റുതിരുത്തേണ്ടതുമായിരുന്നു. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. നഷ്ടം ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 20-21. | 100000 | അംഗൻവാടികൾക്ക് പോഷകാഹാരപരിപാടി. | 100000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 20-21. | 127500 | നെൽകൃഷി വികസനം. | 127500 | ഇല്ല |
| | | 160000 | സാന്ത്വനപരിചരണം. | 160000 | ഇല്ല |
| | | 200000 | ലൈഫ് | 200000 | ഇല്ല |
| | | 331725. | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 331725. | ഇല്ല |
| | | 300000 | പാലിന് സബ്സിഡി. | 300000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്ട്.നം.19 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 22000961. | 300000 | 0 | 300000 |
| | പ്രോജക്ട്.നം.154. സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 22000962. | 200000 | 0 | 200000 |
| | പ്രോജക്ട്.നം.157. സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ. | 22000963. | 182633 | 0 | 182633 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി HUDCO | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 60000 | 35910588. | 2662588 | - | 33308000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14728595. |
| തൻവർഷം നിക്ഷേപിച്ച തുക | 698833. |
| ആകെ | 15427428. |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15427428. |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2020-21. | 2002-03 റിപ്പോർട്ടിന്റെ 3(7), 3(8). | 902. | ലേഖ.ജി.പണിക്കർ, മുൻ കൃഷി ഓഫീസർ. | 120010100143/20.05.20. | 180400101. |
| | 2005-06 റിപ്പോർട്ടിന്റെ 3(1). | 7200. | ലേഖ.ജി.പണിക്കർ, മുൻ കൃഷി ഓഫീസർ. | 120010100147/20.05.20. | 180400101. |
| | 2003-04 റിപ്പോർട്ടിന്റെ 3(4). | 488 | ലേഖ.ജി.പണിക്കർ, മുൻ കൃഷി ഓഫീസർ. | 120010100148/20.05.20. | 180400101. |
| 2018-19. | 12(1) | 800 | വിനോദ് ആന്റണി. | 120010100058/18.05.20 | 180400101. |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79079904 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83103024 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4882 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2173257 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-3 | | 4882 | പിന്റു റോയി വട്ടക്കുന്നേൽ |
| ആകെ | | 4882 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 55910 | പി.ആർ.സജി, സെക്രട്ടറി |
| 1-19 | 16000 | പി.ആർ.സജി, സെക്രട്ടറി |
| 1-22 | 97227 | ഡോ.ദിലീപ്, മെഡിക്കൽ ഓഫീസർ, CHC |
| 1-23 | 91581 | പി.ആർ.സജി, സെക്രട്ടറി |
| 1-26 | 75000 | സുരേഷ് ജോർജ്ജ്.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 58906 | പി.ആർ.സജി, സെക്രട്ടറി |
| 1-28 | 796000 | പി.ആർ.സജി, സെക്രട്ടറി |
| 1-29 | 982633 | പി.ആർ.സജി, സെക്രട്ടറി |
| | 2173257 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 | 58398 |
| 3-2 | 10331 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ദിലീപ്, മെഡിക്കൽ ഓഫീസർ, CHC | മെഡിക്കൽ ഓഫീസർ, CHC, തൈക്കാട്ടുശ്ശേരി | മംഗലശ്ശേരി, ഈസ്റ്റ് ഓഫ് കെൽട്രോൺ ജംഗ്ഷൻ, അരൂർ |
| പി.ആർ.സജി, സെക്രട്ടറി | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | സിന്ധു നിവാസ്, സി.എം.സി. ചേർത്തല. |
| സുരേഷ് ജോർജ്ജ്.കെ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, അജനൂർ ഗ്രാമപഞ്ചായത്ത്, കാസർകോഡ്. | കൊച്ചുകരിയിൽ, അർത്തുങ്കൽ പി.ഒ. |
| പിന്റു റോയി വട്ടക്കുന്നേൽ | കൃഷിഭവൻ, തൈക്കാട്ടുശ്ശേരി | പള്ളത്ത് ഹൌസ്, വളമംഗലം.പി.ഒ, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012 |

| | |
|---|---|
| 2001-2002 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2002-2003 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2003-2004 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2004-2005 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2005-2006 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2006-2007 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014 |
| 2012-2013 | എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015 |
| 2013-2014 | എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016 |
| 2014-2015 | കെ.എസ്.എ-എൽ.പി-പി9/841/16, തീയതി – 30.07.2016/05.08.2016 |
| 2015-2016 | കെ.എസ്.എ-എൽ.പി-പി9/1563/16, തീയതി – 13.01.2017 |
| 2016-2017 | കെ.എസ്.എ-എൽ.പി-പി9/1063/17, തീയതി – 08.08.2017 |
| 2017-2018 | കെ.എസ്.എ-എൽ.പി-പി9.524/19/11.6.19 |
| 2018-2019 | കെ.എസ്.എ-എൽ.പി-പി8. 400/2020/ 26.05.20. |
| 2019-2020 | കെ.എസ്.എ-എൽ.പി-പി6/956/2021 |

:

:

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്